## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2481 — 18/02/ /2016-ൽ മറുപടിക്ക്

## തെങ്ങ്-കവുങ്ങ് കയറ്റതൊഴിലാളികൾ

### ചോദ്യം

**ശ്രീ. എസ്. ശർമ്മ**

(എ) തെങ്ങ്-കവുങ്ങ് കയറ്റ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ-യെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തു-കൊണ്ടെന്നും, വിദഗ്ധ തൊഴിലാളി വിഭാഗത്തിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ചികിത്സ, പെൻഷൻ, ക്ഷേമനിധി എന്നിവ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

### മറുപടി

**ശ്രീ. ഷിബു ബേബിജോൺ**
**(തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി)**

(എ) 20/03/1991-ലെ ജി.ഒ (പി) 21/91/ തൊഴിൽ, ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുള്ള 1991-ലെ കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തെങ്ങ്-കവുങ്ങ് കയറ്റത്തൊഴിലാളികൾ ഉൾപ്പെടെയുള്ള മരം കയറ്റ തൊഴിലാളികൾക്ക് അംഗത്വം നൽകി ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.

(ബി) 1991-ലെ കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തെങ്ങ്-കവുങ്ങ് കയറ്റത്തൊഴിലാളികൾ ഉൾപ്പെടെയുള്ള മരം കയറ്റതൊഴിലാളികൾക്ക് അംഗത്വം നൽകി ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. ഇത് കൂടാതെ കേരള മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരം കയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്കും മരം കയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായി-യായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്കും നിലവിൽ യഥാക്രമം 1,00,000/-രൂപയും (ഒരു ലക്ഷം രൂപ മാത്രം) 50,000/-രൂപയും (അൻപതിനായിരം രൂപ മാത്രം) നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതിനു പുറമെ തൊഴിലിനിടയിൽ വീണ് ജോലി ചെയ്യാൻ കഴിയാത്ത വിധം പരിക്ക് പറ്റുന്ന തൊഴിലാളിക്കും മരത്തിൽ നിന്നും വീണ് മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് 2012-ലെ 'കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ